കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി7/224/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം, കൊല്ലം

തീയതി, 13.2.17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം

വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി7-224/2017 തീയതി, 13.2.17

## കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-206 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.06.2016 മുതൽ 20.11.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണ- ക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് | 02.12.2016 മുതൽ 09.12.2016 വരെ |

| | | |
|---|---|---|
| വിനിയോഗിച്ച സമയം | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സൈമൺ | ഓഡിറ്റ് ഓഫീസർ (ഹഗ്രേ) |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.അനീഷ്.വി.എസ് | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി.ബിന്ദുനായർ | ഓഡിറ്റർ |
| ( ബി)നിർവ്വഹണാധികാരികൾ | | |
| പ്രസിഡന്റ് | ശ്രീ. നൗഷാദ്.എസ് | 01.04.2015 മുതൽ 01.11.2015 വരെ |
| | അഡ്ഹോക്ക് കമ്മിറ്റി | 01.11.2015 മുതൽ 11.11.2015 വരെ |
| | ശ്രീമതി.എം.കെ.നിർമ്മല | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ബിനൻ വാഹീദ് | 01.04.2015മുതൽ 23.08.2015വരെ |
| | ശ്രീ.എം.ആർ.ഷെറീഫ് | 24.08.2015മുതൽ 31.03.2016 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് | ശ്രീ.എൻ.പ്രദീപ്കുമാർ | 01.04.2015 മുതൽ |

| | | |
|---|---|---|
| എഞ്ചിനീയർ | | 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആൻ നെപ്പോളിയൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.ശശി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർ വേദം) | ഡോ.ഷിജ്ഞ മാത്യൂ | 01.04.2015മുതൽ 31.03.2016 വരെ |
| വിഇ.ഒ. | ശ്രീ.രതീഷ് | 01.04.2015മുതൽ 31.03.2016 വരെ |
| വിഇ.ഒ. | ശ്രീമതി.മേരിക്കുട്ടി ജോസഫ് | 01.04.2015 മുതൽ 14.10.2015 വരെയും 15.10.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാറാണി | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.മനോജ് | 01.04.2015മുതൽ 22.07.2015വരെയും |
| | ഡോ. മാലിനി.കെ | 23.07.2015 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.നസീമ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| | | |
| പ്രധാന അദ്ധ്യാപകൻ | ശ്രീ.സതീഷ് ചന്ദ്രൻ പിള്ള | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിശകലനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | വസ്തുനികുതി നിർണയിച്ചതിൽ 7122/- രൂപയുടെ കുറവ് | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 14 | ഡി.&ഒ. ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 2-3 |
| 15 | അനധികൃതമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ | 2-4 |
| | <u>ഭാഗം 3</u> | |
| 16 | ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ് -തുക വായ്പ അക്കൗണ്ടിൽ വരവ് ചേർക്കുന്നതിൽ കാലതാമസം 111000/- രൂപ അധിക പലിശ | 3-1 |
| 17 | ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച 25500/-രൂപ ലഭിച്ചില്ല | 3-2 |
| 18 | ഭവന പുനരുദ്ധാരണം – മുൻകൂർ തുക കൈപ്പറ്റി – പണി പൂർത്തിയാക്കിയിട്ടില്ല | 3-3 |
| 19 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു- 1,09,647/-രൂപ അംഗീകരിക്കുന്നില്ല | 3-4 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല – 43,314/-രൂപയുടെ നഷ്ടം | 3-5 |

| | | |
|---|---|---|
| 21 | ഡെപ്പോസിറ്റ് വർക്ക് - പദ്ധതി പൂർത്തിയാക്കിയിട്ടില്ല-7,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെ വിവരങ്ങൾ | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 24.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 30.07.2016 | 20.05.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 09.12.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.19/05/2015 ലെ 12051 നമ്പർ ചെക്ക് പ്രകാരം വിതരണം ചെയ്ത 34000/- രൂപയിൽ തനത്ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചതും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിക്കേണ്ടതുമായ 25500/- രൂപ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല

2.2015-16 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ചതും സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കേണ്ടതുമായ പ്രേരകുമാരുടെ മാനവേതനമായ 36020/- രൂപ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

3.എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2015-16 വസ്തുനികുതി (തൻ വർഷം) ഡിമാന്റ് തുക 3424736/-രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം വസ്തുനികുതി(തൻ വർഷം) ഡിമാന്റ് തുക 2783119/- രൂപയാണ്
5.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2015-16 വസ്തുനികുതി (കുടിശ്ശിക) ഡിമാന്റ് തുക 2724562/-രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം വസ്തുനികുതി (കുടിശ്ശിക) ഡിമാന്റ് തുക 1 175104/-രൂപ
6.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള 2015-16 വസ്തു നികുതി(കുടിശ്ശിക) നീക്കിയിരുപ്പ് 4917701/- രൂപയ്ക്കുള്ള പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
7.ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായ 122400/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയതിലെ അപാകത നിമിത്തം അങ്കണവാടി പൂരക പോഷകാരം ചെലവ് ശീർഷകമായ 253100401 -ൽ 122400/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരുപ്പും KDCB ഓയൂർ ബാങ്ക് ബുക്കിൽ 122400/- രൂപയുടെ അധിക നീക്കിയിരുപ്പും ഉൾപ്പെട്ടിരിക്കുന്നു
8.31-03-2016 ലെ വൗച്ചർ നമ്പർ 41500384 പ്രകാരം WGDP ബാദ്ധ്യത ശീർഷകമായ 320100199 -ൽ നിന്നും വരുമാന ശീർഷകമായ 160100617 ലോക്ക് 1156033/- രൂപ ക്രമീകരിച്ചിരിക്കുന്നു എന്നാൽ പ്രസ്തുത തുകയിൽ ജനകീയ പാർപ്പിട പദ്ധതി അക്കൗണ്ട് നീക്കിയിരുപ്പായിരുന്ന 661836/- രൂപയും ഉൾപ്പെടുന്നു.
9.ട്രഷറി അക്കൗണ്ട് ബാങ്ക് ബുക്ക് നീക്കിയിരുപ്പ് പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,48,53,084 |
| വരവ് | 5,00,91,823 |
| ആകെ | 7,49,44,907 |
| ചെലവ് | 5,96,93,502 |
| നിക്കിയിരിപ്പ് | 1,52,51,405 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2790605 | 11896326 | 14686931 | 14686931 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 193793 | 3493922 | 3687715 | 3687715 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 770045 | 7866688 | 8636733 | 8636733 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 92836 | 3133086 | 3225922 | 322592 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2207860 | 4786128 | 6993988 | 6993988 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3483764 | 3423862 | 6907626 | 69007626 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 25513137 | 25513137 | 25511298 | 1839 | 99.99 |
| ബി ഫണ്ട് | 0 | 3410370 | 3410370 | 3410370 | 0 | 100 |

## **1-6** പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | ക്കിയത് (എണ്ണം) | (എണ്ണം) | ടുകളുടെ ശത മാനം |
| 117 | 83347494 | 90 | 44811839 | 5 | 22 | 76.92 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1.യുവതീയുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വാങ്ങി നൽകലും

2.പ്രതിഭാ സംഗമം

3.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങ്

4.എം.ആർ.ഐ സ്കാൻ ജില്ലാ പഞ്ചായത്ത് വിഹിതം

5.ജീവനം ഡയാലിസിസ് യൂണിറ്റിന് പഞ്ചായത്ത് വിഹിതം

സമൂഹത്തിലെ നിർദ്ധനരായ യുവാക്കൾക്ക് സ്വയം തൊഴിൽ നൽകുന്ന പദ്ധതിയായ യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ പരിശീലനവും ഓട്ടോറിക്ഷാ വാങ്ങി നൽകലും പദ്ധതിയിൽ പരിശീലനം പൂർത്തിയാക്കിയെങ്കിലും എല്ലാ ഗുണഭോക്താക്കൾക്കും ആട്ടോറിക്ഷ വാങ്ങി നൽകിയില്ല.

## 1-7 <u>തനത് വരുമാനം</u>

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.21% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5062314 | 2913235 | 2149079 | -42% |
| നികുതിയേതര വരവുകൾ | 2780356 | 1623929 | 1156427 | -41% |
| മറ്റുവരവുകൾ | 7798430 | 8254233 | 455803 | +5% |
| ആകെ | 15641100 | 12791397 | 2849703 | -18.21% |

തൻവർഷം പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി പിരിക്കുന്നതിലേക്കായി കേവലം 5 ദിവസം മാത്രമാണ് കളക്ഷൻ നടത്തേണ്ട ഉദ്യോഗസ്ഥർ ഫീൽഡ് കളക്ഷൻ നടത്തിയിട്ടുള്ളത് എന്ന് ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. പ്രാദേശിക പരിശോധനയിൽ പഞ്ചായത്തിൽ ധാരാളം അനധികൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. വിനോദ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും നികുതി വരുമാനം വർദ്ധി പ്പിക്കുന്നിതിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 651600 | 375 |
| കർഷക തൊഴിലാളി പെൻഷൻ | 3007830 | 381 |
| വിധവാ പെൻഷൻ | 12084720 | 1230 |
| വാർദ്ധക്യകാല പെൻഷൻ | 14357070 | 1663 |
| വികലാംഗ പെൻഷൻ | 3785055 | 366 |
| അവിവാഹിതരായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | 207766 | 21 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള

ക്യാഷ് ബാലൻസ് പരിശോധന 14.12.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52,628/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം മികച്ച രീതിയിൽ നടക്കുന്നുണ്ടെങ്കിലും ഭിന്ന ശേഷിയുള്ളവർക്കു കൂടി പ്രാപ്തമാക്കുന്നതിലേക്കായി പഞ്ചായത്തിന്റെ താഴത്തെ നിലയിലേക്ക് മാറ്റുന്നത് ഉചിതമായിരിക്കും. നികുതി വരുമാനം 100% ആക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.10.2013 | ഓക്ടോബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2014 മുതൽ 03.03.2014 വരെ | 2008-2009 മുതൽ 2012-2013 വരെ | 16.04.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണയിച്ചതിൽ 7123/- രൂപയുടെ കുറവ്

2015-16 സാമ്പത്തിക വർഷം വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിൽ നടത്തിയ വസ്തുനികുതി നിർണയങ്ങളിൽ അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചതിലൂടെ 7123/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) <u>പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയ്ക്ക് അനുവദനീയമായ ഇളവ് അനുവദിച്ചു</u>

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 22/10/2011 ലെ IV -ാം നമ്പർ തീരുമാനം പ്രകാരം ദേശീയ ഹൈവേ, സംസ്ഥാന ഹൈവേ, മേജർ ജില്ലാ റോഡുകൾ, മറ്റ് 12 റോഡുകൾ എന്നിവയുടെ പാർശ്വത്തിലുള്ള കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി. എന്നാൽ മേൽ തീരുമാനത്തിൽ പ്രതിപാദിക്കുന്ന മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയ്ക്ക് അനുവദനീയമായ ഇളവ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പരും മറ്റ് വിശദാം ശങ്ങളും | കെട്ടിട ത്തിന്റെ പാർശ്വ ത്തിലുള്ള റോഡ് (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണ യിച്ച രീതി | വസ്തു നികുതി നിർണയി ക്കേണ്ട രീതി | വ്യത്യാ സം |
|---|---|---|---|---|---|
| 1 | 111/598<br>നിസാമുദ്ദീൻ<br>മേലെക്കടവിൽ വീട്<br>വാസഗൃഹം<br>വിസ്തീർണം-127.78 ച.മീ<br>(7രൂപ നിരക്കിൽ) | ക്രമനം.8<br>വട്ടപ്പാറ-മുളയിറഞ്ചാൽ റോഡ് | അടിസ്ഥാന<br>നികുതി<br>= 895<br>ദ്വിതീയ<br>മേഖല<br>= (-)90<br>വഴി<br>സൗകര്യം<br>=(+)180<br>---------<br>985<br>ലൈ.സെസ് = 50<br>---------<br>ആകെ = 1035 | അടിസ്ഥാന<br>നികുതി<br>= 895<br>പ്രഥമ<br>മേഖല<br>= ഇല്ല<br>വഴി<br>സൗകര്യം<br>=(+)180<br>---------<br>1075<br>ലൈ.സെസ് = 54<br>---------<br>ആകെ = 1129 | 94 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | IV/619<br>ഹസൻ<br>പാറവിള വീട്<br>വാണിജ്യം<br>വിസ്തീർണം-72.45 ച.മീ<br>(50/- രൂപ നിരക്കിൽ) | ക്രമനം.1<br>ആയൂർ- ഇത്തിക്കര റോഡിന്റെ ഭാഗമായ<br>ആയൂർ- ഓയൂർ റോഡ് | അടിസ്ഥാന<br>നികുതി<br>= 3623<br>ദ്വിതീയ<br>മേഖല<br>= (-)362<br>വഴി<br>സൗകര്യം<br>=(+)725<br>---------<br>3986<br>ലൈ.സെസ് = 200<br>---------<br>ആകെ<br>= 4186 | അടിസ്ഥാന<br>നികുതി<br>= 3623<br>പ്രഥമ<br>മേഖല<br>= ഇല്ല<br>വഴി<br>സൗകര്യം<br>=(+)725<br>---------<br>4348<br>ലൈ.സെസ്<br>= 217<br>---------<br>ആകെ<br>= 4565 | 379 |
| 3 | II/626<br>അസനാരുകുഞ്ഞ്<br>നിസാർ മൻസിൽ<br>വാണിജ്യം<br>വിസ്തീർണം-268.64 ച.മീ<br>(90/- രൂപ നിരക്കിൽ) | ക്രമനം.3<br>അമ്പലംകുന്ന്-<br>ചെങ്ങുർ-റോഡ്<br>വിള റോഡ് | അടിസ്ഥാന<br>നികുതി<br>= 24178<br>ദ്വിതീയ<br>മേഖല<br>= (-)2418<br>വഴി =(+)4836<br>---------<br>26596<br>ലൈ.സെസ് = 1330 | അടിസ്ഥാന<br>നികുതി<br>= 24178<br>പ്രഥമ<br>മേഖല<br>= ഇല്ല<br>വഴി<br>=(+)4836<br>---------<br>29014<br>ലൈ.സെസ് | 2539 |

| | | | | | |
|---|---|---|---|---|---|
| | | | ---------<br>ആകെ<br>27926 | = 1451<br>---------<br>ആകെ<br>30465 | |
| 4 | XII/701<br>രാജൻ മാത്യൂ<br>ആഡയാർ<br>പുത്തൻ വീട്<br>നിസാർ മൻസിൽ<br>വാസഗൃഹം<br>വിസ്തീർണം-160.45 ച.മീ<br>(90/- രൂപ നിരക്കിൽ) | ക്രമനം.1<br>ആയൂർ-ഇത്തിക്കര റോഡിന്റെ ഭാഗമായ<br>ആയൂർ-ഓയൂർ റോഡിൽ നിന്നും സ്വകാര്യ വഴിയിലൂടെ പ്രവേശനം | അടിസ്ഥാന<br>നികുതി 1124<br>ദ്വിതീയ<br>മേഖല = (-)112<br>വഴി =(+)225<br>---------<br>1237<br>ലൈ.സെസ് = 62<br>---------<br>ആകെ = 1299 | അടിസ്ഥാന<br>നികുതി 1124<br>പ്രഥമ<br>മേഖല = ഇല്ല<br>വഴി =(+)225<br>---------<br>1349<br>ലൈ.സെസ് = 67<br>---------<br>ആകെ = 1416 | 117 |
| | | | | ആകെ | 3129 |

(ബി) <u>വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തിയില്ല</u>

അഞ്ച് മീറ്ററിലധികം വീതിയുള്ളതായി പരാമർശിക്കുന്ന റോഡുകളിൽ നിന്നും പ്രവേശന മാർഗമുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2, ക്രമ നമ്പർ 4 പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേൽ 20% നികുതി വർദ്ധന വരുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത വർദ്ധനവ് വരുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പരും മറ്റ് വിശദാംശങ്ങളും | വഴി സൗകര്യത്തിന്റെ വിശദാംശം (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണയിച്ച രീതി | വസ്തു നികുതി നിർണയിക്കേണ്ട രീതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | V/658<br>അമീർ കണ്ണ്<br>പാലമൂട്ടിൽ<br>പുത്തൻ വീട്<br>വാണിജ്യം<br>വിസ്തീർണം-36.86 ച.മീ<br>(50/- രൂപ നിരക്കിൽ) | മോട്ടോർകുന്ന് -കട്ടയിൽ ജംക്ഷൻ റോഡ്<br>(8 മീറ്റർ വീതി) | അടിസ്ഥാന<br>നികുതി = 1843<br>ദ്വിതീയമേഖല = (-)184<br>വഴി സൗകര്യം =ഇല്ല<br>---------<br>1659<br>ലൈ.സെസ് = 83<br>---------<br>ആകെ = 1742 | അടിസ്ഥാന<br>നികുതി = 1843<br>പ്രഥമമേഖല = (-)184<br>വഴി സൗകര്യം= (+)369<br>---------<br>2028<br>ലൈ.സെസ് = 101<br>---------<br>ആകെ = 2129 | 387 |
| 2 | VI/504<br>നിസാദ്<br>മൗണ്ട് വ്യൂ<br>കരിങ്ങന്നൂർ<br>വാസഗൃഹം<br>വിസ്തീർണം-204.02ച.മീ<br>(7രൂപ നിരക്കിൽ) | മലമുക്ക്- -പെരും പുറം റോഡ്<br>(8 മീറ്റർ വീതി) | അടിസ്ഥാന<br>നികുതി = 1429<br>ദ്വിതീയ മേഖല = (-)142<br>വഴി സൗകര്യം =ഇല്ല<br>---------<br>1287<br>ലൈ.സെസ് = 65 | അടിസ്ഥാന<br>നികുതി = 1429<br>പ്രഥമ<br>മേഖല =(-)142<br>വഴി സൗകര്യം= (+)286<br>---------<br>1573<br>ലൈ.സെസ് = 79 | 300 |

| | | | | | |
|---|---|---|---|---|---|
| | | | ---------<br>ആകെ = 1352 | ---------<br>ആകെ = 1652 | |
| 3 | I/900<br>ഹക്കീം<br>അൽ അബ്രാർ<br>അമ്പലംകുന്ന്<br>വാണിജ്യം<br>വിസ്തീർണം-101.5 ച.മീ<br>(70/- രൂപ നിരക്കിൽ) | അമ്പലംകുന്ന്-പൂയപ്പള്ളി റോഡ്<br>(12 മീറ്റർ വീതി) | അടിസ്ഥാന<br>നികുതി = 7105<br>പ്രഥമ<br>മേഖല = ഇല്ല<br>വഴി<br>സൗകര്യം=ഇല്ല<br>---------<br>7105<br>ലൈ.സെസ് = 356<br>---------<br>ആകെ = 7461 | അടിസ്ഥാന<br>നികുതി = 7105<br>പ്രഥമ മേഖല = ഇല്ല<br>വഴി സൗകര്യം =1421<br>---------<br>8526<br>ലൈ.സെസ് = 427<br>---------<br>ആകെ = 8953 | 1492 |
| 4 | I/901<br>ഹക്കീം<br>അൽ അബ്രാർ<br>അമ്പലംകുന്ന്<br>വാണിജ്യം<br>വിസ്തീർണം-123.5 ച.മീ<br>(70/- രൂപ നിരക്കിൽ)<br>(ഒന്നാം നില) | അമ്പലംകുന്ന്-പൂയപ്പള്ളി റോഡ്<br>(12 മീറ്റർ വീതി) | അടിസ്ഥാന<br>നികുതി = 8645<br>പ്രഥമ മേഖല = ഇല്ല<br>വഴി സൗകര്യം =ഇല്ല<br>ബഹു നില =(-)432<br>---------<br>8213 | അടിസ്ഥാന<br>നികുതി = 8645<br>പ്രഥമ മേഖല = ഇല്ല<br>വഴിസൗകര്യം=(+)1729<br>ബഹു നില =(-)432<br>---------<br>9942<br>ലൈ.സെസ് = | 1815 |

| | | | | | |
|---|---|---|---|---|---|
| | | | ലൈ.സെസ് = 411<br>---------<br>ആകെ = 8624 | 497<br>---------<br>ആകെ = 10439 | |
| | | | | ആകെ | 3994 |

വസ്തു നികുതി നിർണയത്തിലെ അപാകത കാരണം കുറവ് സംഭവിച്ച തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | എസ്.ബി.ടി., ഓയൂർ | - | ഒന്നാം അർദ്ധ വർഷം |
| 2 | മുത്തൂറ്റ് ഫിൻ കോർപ്പ്, റോഡ് വിള | - | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | ഷാ ഓഡിറ്റോറിയം, അംബലംകുന്ന് | - | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | | |
|---|---|---|---|
| 4 | ഡി.എം. ആശുപത്രി, ഓയൂർ | രണ്ടാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഡി.&ഒ.ലൈസൻസ് ഫീസ് കുറവായി ഈടാക്കി

2015-2016 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് ഈടാക്കിയത് സംബന്ധിച്ച രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | പേര് | ഉദ്ദേശ്യം | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| 1 | ശ്രീമതി. ദീനാറാണി<br>അപേക്ഷ നമ്പർ 1179/04.04.2015 (അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസ വരുമാനം വരുമാനം 2,00,000 രൂപ | പെട്രോൾ പമ്പ് നടത്തുന്നതിന് വാർഡ് 10 | 4000 | 500 |
| 2 | ശ്രീ. നിസ്സാർ.കെ<br>അപേക്ഷ നമ്പർ 1987/20.04.2015 (അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസ വരുമാനം 20,000/-രൂപ | ഇലക്ട്രോണിക് ഹോം അപ്ലയൻസസ് വാർഡ് 15 | 500 | 200 |
| ആകെ | | | | 700 |

മേൽ തുക കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 അനധികൃതമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ

പഞ്ചായത്തിന്റെ നികുതിയേതര വരവുകളിൽ മുൻ വർഷത്തേക്കാൾ 41% കുറവുണ്ടായിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലൈസൻസ് നികുതിയേതര വരുമാനത്തിന്റെ പ്രധാന ഭാഗമാണ്. ഈ ഇനത്തിലെ വരുമാനത്തെക്കുറിച്ച് പരിശോധിക്കുന്നതിലേക്കായി ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന ഓയൂർ ഠൗണിൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)ലൈസൻസ് കൂടാതെ ഇറച്ചി സ്റ്റാളുകൾ പ്രവർത്തിക്കുന്നു

08.12.2016 പഞ്ചായത്തിലെ ഡി & ഒ സെക്ഷൻ ക്ലാർക്ക്, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ താഴെ പറയുന്ന ഇറച്ചിക്കോഴി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

| ക്രമ നമ്പർ | വ്യാപാര സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ദമാം ഹലാൽ ചിക്കൻ പൗൾട്രി ഫാം, ഓയൂർ ജംഗ്ഷൻ |
| 2. | ബിസ്മി ഹലാൽ ചിക്കൻ, ഓയൂർ മാർക്കറ്റ് |
| 3. | പി.എസ്. പൗൾട്രി ഫാം, ഓയൂർ ജംഗ്ഷൻ |
| 4. | സലാല ഹലാൽ ചിക്കൻ പൗൾട്രി ഫാം, ഓയൂർ ജംഗ്ഷൻ |

തുടർന്ന് ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി. അനധികൃതമായി പ്രവർത്തിക്കുന്ന ഈ വ്യാപാര ശാലകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ബി. പഞ്ചായത്ത് മാർക്കറ്റ് സ്റ്റാളിലെ അനധികൃത നിർമ്മാണം

08.12.2016ന് പഞ്ചായത്തിലെ ഡി & ഒ സെക്ഷൻ ക്ലാർക്ക്, ഓവർസിയർ

എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പഞ്ചായത്ത് മാർക്കറ്റ് സ്റ്റാളിനോട് ചേർന്ന് ചായക്കടയും കുലക്കടയും അനധികൃതമായി നിർമ്മിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതായി കണ്ടെത്തി. അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>സി.സിനിമാ തീയേറ്ററിൽ സീലില്ലാത്ത ടിക്കറ്റുകൾ, ലൈസൻസില്ലാത്ത കൂൾ ബാർ.</u>

ഓയൂർ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന എൻ.വി.പി സിനിമാസ് തീയേറ്ററിൽ 09.12.2015ന് തീയേറ്റർ വിനോദ നികുതി കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഗ്രാമ പഞ്ചായത്തിന്റെ സീലോടു കൂടിയ ബാൽക്കണി ടിക്കറ്റുകൾക്കൊപ്പം സീലില്ലാത്ത അൺ റിസർവ്ഡ് ടിക്കറ്റുകളും വിൽപനയ്ക്കായി വച്ചിരിക്കുന്നതായി കണ്ടെത്തി. വിനോദ നികുതി കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചതിൽ പല ചിത്രങ്ങളും റിലീസ് ചെയ്യുന്ന ദിവസം തന്നെ പ്രദർശിപ്പിച്ചിരിക്കുന്നുവെങ്കിലും റിലീസ് ദിവസങ്ങളിൽ പോലും ശരാശരി 15 ടിക്കറ്റുകൾ മാത്രമാണ് വിറ്റഴിക്കുന്നതായി കണ്ടെത്തിയത്. കൂടാതെ തീയേറ്റർ കോംപ്ലക്സിൽ ലഘു ഭക്ഷണ സാധനങ്ങൾ വിൽപനയ്ക്കായി പ്രദർശിപ്പിച്ചിരിക്കുന്നു. എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത് ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാകുന്നു.

വിനോദ നികുതി ഈടാക്കുന്നതിന് കർശന മോണിട്ടറിംഗ് സമ്പ്രദായം സ്വീകരിക്കേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്ന ലഘു ഭക്ഷണ ശാല നിയമ വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>ഇ എം എസ് ഭവന വായ്പ തിരിച്ചടവ് തുക വായ്പ അക്കൗണ്ടിൽ വരവ് ചേർക്കുന്നതിൽ കാലതാമസം 112853/- രൂപയുടെ അധിക പലിശ ഭാരം</u>

ഇ എം എസ് ഭവന പദ്ധതിക്ക് വേണ്ടി വെളിനല്ലൂർ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പ തുക തിരിച്ചടയ്ക്കുന്നത് വായ്പ അക്കൗണ്ടിൽ (1/29570) വരവ് ചേർക്കുന്നതിലെ കാലതാമസം നിമിത്തം 2015-16 സാമ്പത്തിക വർഷം മാത്രം 112853/-രൂപയുടെ അധിക പലിശ ഭാരം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്നു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| തിരിച്ചടവ് തുക | ബിൽ നം/ തീയതി | ഡി.ഡി. നം/ തീയതി | വായ്പ അക്കൗണ്ടിൽ വരവ് ചേർത്ത തീയതി | കാലതാമസം (ദിവസം) | അധിക പലിശ ബാദ്ധ്യത (10%) |
|---|---|---|---|---|---|
| 1456950 | 14/ 14.01.2016 | 862196/ 18.01.2016 | 31.03.2016 | 72 | 29139 |
| 631600 | 26/ 31.03.2016 | 862975/ 05.04.2016 | 22.06.2016 | 77 | 83714 |
| 3282300 | 27/ 31.03.2016 | 862976/ 05.04.2016 | | | |
| ആകെ | | | | | 112853 |

മേൽ വിവരിച്ച പ്രകാരം അടവ് തുക വായ്പ അക്കൗണ്ടിൽ വരവ് ചേർക്കുന്നതിലെ കാലതാമസം നിമിത്തം 2015-16 സാമ്പത്തിക വർഷം മാത്രം 110002/- രൂപയുടെ അധിക ബാദ്ധ്യത വരുത്തുന്ന വിവരം സഹകരണ ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 3-2 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച 25500രൂപ കുടിശ്ശികയായി ശേഷിക്കുന്നു

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 28-10-2014-ലെ 552/2014 ഉത്തരവ് പ്രകാരം 2015 പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരായി പ്രവർത്തിച്ചവർക്ക് 500/- രൂപ പഞ്ചായത്ത് വിഹിതവും 1500/- രൂപ കമ്മീഷൻ വിഹിതവും ഉൾപ്പടെ ആകെ 2000/- രൂപ ഓണറേറിയം അനുവദിച്ചിരുന്നു. 19/05/2015 ലെ ചെക്ക് നമ്പർ 12051 പ്രകാരം 34000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 17 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട് ആയതിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിഹിതമായ 25500/-രൂപ (17x1500) നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. ടി തുക ബാലൻസ് ഷീറ്റിലെ ആസ്തി ശീർഷകങ്ങളിൽ ഉൾപെട്ടിട്ടില്ല

## 3-3 ഭവനപുനരുദ്ധാരണം-മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന പുനരുദ്ധാരണം

പദ്ധതിയിൽ (ട0102/16) മുൻകൂറായി തുക കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തിയാക്കി അളവ് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയില്ല എന്ന് 09.12.2015ലെ ഓഡിറ്റ് എൻക്വയറി നമ്പർ 10 നുള്ള മറുപടിയായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ ആനുകൂല്യം | ഡി.ഡി. നം/തീയതി |
|---|---|---|---|
| ദീപാകുമാരി<br>ബാബു വിലാസം<br>വാർഡ് 1 | 17-12-2015 | 12500 | 862287/ 30.01.2016 |
| ഗീതാകുമാരി<br>അഭിലാഷ് ഭവൻ<br>വാർഡ് X | 15-12-2015 | 12500 | 862294/ 30.01.2016 |
| രാജനാചാരി<br>ഉദിവിള വീട്<br>വാർഡ് 111 | 02-02-2016 | 12500 | ബിൽ നം<br>9/11-03-2016<br>(ആർ.ടി.ജി.എസ്) |
| ആകെ | | 37500 | |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി അളവ് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ കൈപ്പറ്റിയ തുക ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## **3-4** <u>പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല ഗ്രാമ പഞ്ചായത്തിന് **36,981/-**രൂപയുടെ നഷ്ടം</u>

ഓഡിറ്റ് വർഷം അസിസ്റ്റൻറ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ എഗ്രിമെൻറ് കാലാവധി കഴിഞ്ഞിട്ടും സമയ ബന്ധിതമായി മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്തതിന്
കരാറുകാരനെക്കൊണ്ട് സപ്ലിമെൻററി എഗ്രിമെന്റ് വയ്പ്പിച്ച് പിഴ ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 36,981/- രൂപയുടെ നഷ്ടം

ഉണ്ടായിട്ടുണ്ട്. ആയതിൻെറ വിശദവിവരം താഴെ കൊടുക്കുന്നു.

(എ) വലിയവിള കാഷ്യൂ ഫാക്ടറി റോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം. എസ് 0007/15, (എസ്0018/16)
അടങ്കൽ തുക 7,00,000/-രൂപ.
കരാറുകാരൻ -രാജശേഖരൻ നായർ,
എഗ്രിമെൻറ് നം. 28/AE/LSGD/ VLNR/14-15/27-12-2014,
ടി വർക്കിൻെറ കരാർ വ്യവസ്ഥയനുസരിച്ച് 27-12-2014 മുതലുള്ള മൂന്ന് മാസ കാലാവധിയാണ് കരാറുകാരന് നൽകിയിട്ടുള്ളത്, അതായത് പ്രവൃത്തി പൂർത്തയാക്കേണ്ടത് 26-03-2015നാണ്, 20% Grace period കൂടി അനുവദിച്ചാൽ പോലും 12-04-2015ന് വർക്ക് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി അളവ് പുസ്തകത്തിലും, വർക്ക് ബില്ലിലും അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 04-09-2015 നാണ്, കരാറുകാരൻ പിഴ ഒഴിവാക്കി കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് 17-04-2015ന് കത്ത് നൽകിയെങ്കിലും പിഴ ഈടാക്കുന്നതിൽനിന്നും കരാറുകാരനെ ഒഴിവാക്കി പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ G.O(P)84/97/PW&T dated 19-08-97 ഉത്തരവ് അനുസരിച്ചുള്ള പിഴപ്പലിശ ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ.സി തുകയുടെ 1%വും,തുടർന്നുള്ള ഒരോ മൂന്ന് മാസത്തേയ്ക്കും പി. എ. സി തുകയുടെ 2% പിഴപ്പലിശയും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. പിഴപ്പലിശ ഈടാക്കേണ്ടത് സംബന്ധിച്ച് വിശദവിവരം താഴെകൊടുക്കുന്നു.

1.12-04-2015 മുതൽ 11-07-2015 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി.എ.സി തുകയായ 6,15,831/രൂപയുടെ ഒരു ശതമാനമായ 6158/്രൂപ.
2.2-07-2015 മുതൽ 03-09-2015 വരേയുള്ള 53 ദിവസത്തേയ്ക്ക് പി. എ. സി തുകയായ 6,15,831/രൂപയുടെ 2% 7253/്രൂപ. ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ആകെ തുക 13411/രൂപ(6158+7253).

(ബി) പുഞ്ചിരിമുക്ക്-കിളിയൂർ കുന്നിൽ റോഡ് മെറ്റലിംഗ്-ടാറിംഗ്.

പ്രോജക്ട് നം. S0035/2015
അടങ്കൽ തുക 8,05,000/-രൂപ,
കരാറുകാരൻ -എ. സലിം.
എഗ്രിമെൻറ് നം. 32/AE/LSGD/VLNR/2014-15 dated 09-02-2015,
M book No. 27/2014-15.
ഈ പ്രവൃത്തിയുടെ കരാർ വ്യവസ്ഥയനുസരിച്ച് എഗ്രിമെൻറ് തിയതി മുതൽ15-06-2015 വരെയുള്ള കാലയളവിനുള്ളിൽ പ്രവൃത്തി

പൂർത്തീകരിക്കേണ്ടതായിരുന്നു, എന്നാൽ ടി പ്രവൃത്തി പൂർത്തയാക്കി അളവ് പുസ്തകത്തിലും, വർക്ക് ബില്ലിലും അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 31-12-2015 നാണ്. 20% അധിക സമയം അനുവദിച്ചാൽ കൂടി ടി വർക്ക് 04-07 2015 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ആയതിനാൽ 05-07-2015 മുതൽ 31-12-2015 വരെയുള്ള കാലയളവിലേയ്ക്ക് G. O (P) 84/97/PW&T dated 19-08-1997 ഉത്തരവിൻെറ അടിസ്ഥാനത്തിലുള്ള ഫൈൻ കരാറുകാരനിൽ ഈടാക്കേണ്ടതാണ് . ആയതിൻെറ വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

